JD]

"ഭരണ ഭാഷ-മാതൃഭാഷ"

നം.ICDS-A6/ 2632/2022

വനിതശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ: 0471-2346508
ഇ.മെയിൽ: directorate.wcd@kerala.gov.in
തീയതി : 04.03.2022

## പരിപത്രം

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- സൈക്കോ സോഷ്യൽ പദ്ധതി അഡോളസെന്റ് ക്ലബ് പുനരുജ്ജീവനം- 'വർണ്ണക്കൂട്ടി'ലെ അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകുന്നത് - മുന്നൊരുക്കങ്ങൾ നടത്തുന്നത് - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ 17/01/2022 തീയതിയിലെ ICDS/A6-2495/22 നമ്പർ ഉത്തരവ്.

അങ്കണവാടികളോടനുബന്ധിച്ച പ്രവർത്തിക്കുന്ന കുമാരിക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനിതാശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33,115 അങ്കണവാടികളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളിലെയും (വർണ്ണക്കൂട്ടിലെ) അംഗങ്ങൾക്ക് കാലികപ്രാധാന്യമുള്ള വിഷയങ്ങളിൽ റിസോഴ്സ് പെഴ്സൻസ് നെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസ്സ് നല്കുന്നതിലെയ്ക്ക് 11.02.2022 ന നടന്ന വകുപ്പതല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും തുക അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ജില്ല ഓഫീസർമാർക്ക് ഇതിലെയ്ക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. ടി സാഹചര്യത്തിൽ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നതിനു ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സംസ്ഥാനത്തെ അങ്കണവാടികളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന വർണക്കൂട്ടുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കേണ്ടതാണ്. നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച് രണ്ടോ മൂന്നോ അങ്കണവാടികളെ ക്ലബ് ചെയ്തും പരമാവധി 60 കുട്ടികളിൽ കൂടാതെയും, ഓൺലൈൻ ആയോ ഓഫ്ലൈൻ ആയോ ക്ലാസ്സ് നടത്താവുന്നതാണ്.
2. ലോകാരോഗ്യ സംഘടനയുടെ നിർവചനമനുസരിച്ച് പൊതു ജീവിതത്തിനു വേണ്ട നിപുണതകളായി ചുവടെ ചേർക്കുന്ന 10 കാര്യങ്ങൾ കണക്കാക്കിയിട്ടുണ്ട്. ടി വിഷയങ്ങളിൽ 5 എണ്ണം വീതം ഉൾപ്പെടുത്തി രണ്ടു ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്. വിഷയം കൈകാര്യം ചെയ്യുന്നതിന് പ്രാഗത്ഭ്യമുള്ളവരെ തെരഞ്ഞെടുത്തു ക്ലാസുകൾ നടത്തേണ്ടതാണ്.

ക്ലാസ്സ് I

a) സ്വയം അറിയുക (self awareness)
b) മറ്റുള്ളവരുടെ അവസ്ഥ സ്വന്തം അവസ്ഥയായി ഉൾക്കൊള്ളുക (empathy)
c) വ്യക്തി ബന്ധങ്ങൾ (Inter personal relations)
d) ആശയ വിനിമയം (communication)
e) ഗുണ ദോഷ വിചാരയുക്തമായ ചിന്ത (critical thinking)

JD]

ക്ലാസ്സ് II

f) സൃഷ്ടിപരമായ ചിന്ത (creative thinking)

g) തീരുമാനമെടുക്കൽ (decision making)

h) പ്രശ്ന പരിഹാരം (problem solving)

i) വൈകാരികമായ പൊരുത്തപ്പെടൽ (copingwith emotions)

j) മാനസിക പിരിമുറുക്കംവുമായി പൊരുത്തപ്പെടൽ (coping with stress)

3. ഓരോ ക്ലാസ്സിനും കുറഞ്ഞത് ഒരു മണിക്കൂർ സമയം ഉപയോഗിക്കേണ്ടതാണ്. ഒരു അങ്കണവാടിയ്ക്ക് ഒരു ക്ലാസ്സ് കൈകാര്യം ചെയ്യുന്നതിനു, റിസോഴ്സ് പേഴ്സൺസിന് നൽകുന്നതിനായി 250/- വച്ച് രണ്ട് ക്ലാസിനു 500/- രൂപ ചെലവഴിക്കാവുന്നതാണ്.

4. സ്കൂളുകൾ മുഴുവൻ സമയം പ്രവർത്തിക്കുന്ന സാഹചര്യത്തിൽ AG കുട്ടികളുടെ സൗകര്യാർത്ഥവും, ALMSC യുടെ അറിവോടെയും, അനുയോജ്യമായ ദിവസം കണ്ടെത്തി ക്ലാസുകൾ ക്രമീകരിച്ച് പരിപാടി സംഘടിപ്പിക്കേണ്ടതാണ്. തീയതി, സ്ഥലം,സമയം, റിസോഴ്സ് പേഴ്സൺ ഇവ തീരുമാനിച്ച് ഈ മാസം തന്നെ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനു ക്രമീകരണം നടത്തേണ്ടതാണ്.

5. മേൽ നിർദേശങ്ങൾ അനുസരിച്ച് ക്ലാസുകൾ നടത്തുന്നതിനായി പ്രോഗ്രാം ഓഫീസർമാർ കൃത്യമായി മോണിട്ടറിംഗ് നടത്തേണ്ടതാണ്.

6. സർക്കാരിൽ നിന്നും ഫണ്ട് അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ഇതിലെയ്ക്കുള്ള തുക ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിക്കുന്നതും, ജില്ല ഓഫീസർമാർ തുക CDPO മുഖേന ചെലവഴിക്കേണ്ടതുമാണ്.

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.